## III ശ്രദ്ധക്ഷണിക്കൽ

### (1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് പ്രഹസനമാക്കി മാറ്റിയ 'അതിവേഗം ബഹുദൂരം' എന്ന പ്രയോഗത്തെ യാഥാർത്ഥ്യബോധത്തോടെ നടപ്പാക്കി നിരവധി മേഖലകളിൽ വികസന വിപ്ലവം നടത്തിക്കൊണ്ടിരിക്കുന്ന നമ്മുടെ സർക്കാരിന്റെ നേട്ടങ്ങളിൽ പ്രഥമഗണനീയമായ ഒന്നാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. ഇന്നത്തെ പത്രവാർത്തകൾ തുറമുഖത്തിന്റെ വികസന വഴികളിൽ ഏറെ ശ്രദ്ധേയമാവുകയാണ്. 2024 മേയ് മാസത്തിൽ ട്രയൽ റൺ തുടങ്ങിയത് മുതൽ തന്നെ ശ്രദ്ധേയമായ നേട്ടങ്ങൾ നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2024 ഡിസംബർ 3-ന് കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിച്ച് വെറും മൂന്ന് മാസം മാത്രം പിന്നിടുമ്പോൾ ഫെബ്രുവരി മാസം കൈകാര്യം ചെയ്ത ചരക്കിന്റെ അളവിൽ ഇന്ത്യയിലെ തെക്ക്- കിഴക്കൻ മേഖലയിലെ 15 തുറമുഖങ്ങളിൽ ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുകയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. 40 കപ്പലുകളിൽ നിന്നായി 78833 ടി.ഇ.യു. ചരക്കാണ് വിഴിഞ്ഞം

ഇന്റർനാഷണൽ ടെർമിനൽ വഴി കൈകാര്യം ചെയ്യാൻ സാധിച്ചത്. ജനുവരി മാസത്തിൽത്തന്നെ ചെന്നൈ തുറമുഖത്തിന്റെ തൊട്ടുപുറകിൽ രണ്ടാം സ്ഥാനം നേടുന്നതിന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കഴിഞ്ഞു. 2023 ജൂലൈ 11 മുതൽ 2024 മാർച്ച് 8 വരെ 202 കപ്പലുകളിൽ നിന്നുമാത്രം 4.02 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു. ലോകത്തെ പ്രമുഖ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് MSC (Mediterranean Shipping Company) നടത്തുന്ന ജേഡ് സർവീസിൽ വിഴിഞ്ഞം ഉൾപ്പെട്ടതോടുകൂടി അതിലെ പ്രധാനപ്പെട്ട കപ്പലായ 400 മീറ്റർ നീളവും 62 മീറ്റർ വീതിയുമുള്ള MSC MIA ബെർത്ത് ചെയ്യുന്നതിന് കാത്തിരിക്കുകയാണ്. ഇപ്പോൾത്തന്നെ കേരളത്തിന് 32 കോടി രൂപ വരുമാനം ലഭിച്ചുകഴിഞ്ഞു. ഇത്തരത്തിൽ വരുമാനം ലഭ്യമായാൽ കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ വലിയ മുന്നേറ്റമായി മാറും. വിഴിഞ്ഞം തുറമുഖത്തിന് ആവശ്യമായ 8,867/- കോടി രൂപയിൽ 5,554/- കോടിരൂപയും ചെലവഴിക്കുന്നത് കേരളമാണ്. 5,000/- കോടി രൂപയുടെ പ്രത്യേക വിഴിഞ്ഞം പാക്കേജ് ഉൾപ്പെടെയുള്ള കേരളത്തിലെ തുറമുഖങ്ങളുടെ തുടർവികസനത്തിന് ഉപകരിക്കുന്ന പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചിട്ടും ഒരു

രൂപപോലും കേന്ദ്രം നൽകിയിട്ടില്ല എന്നത് നാം ഓർക്കേണ്ടതുണ്ട്. Viability Gap Fund ആയ 817.7 കോടി രൂപ തിരിച്ചടയ്ക്കണമെന്ന വിചിത്രമായ വ്യവസ്ഥ വച്ച് ഫണ്ട് തരാതിരിക്കാനുള്ള ശ്രമമാണ് കേന്ദ്രം നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്രവും കേരളത്തിലെ പ്രതിപക്ഷവും നിരന്തരം പ്രതിസന്ധികൾ സൃഷ്ടിച്ചെങ്കിലും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനം നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ നട്ടെല്ലായി മാറും. വിഴിഞ്ഞം മുതൽ ബാലരാമപുരം വരെയുള്ള റെയിൽവേ കണക്ടിവിറ്റിയും തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡ് കണക്ടിവിറ്റിയും പൂർത്തിയാകുന്നതോടെ കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതിന് വിഴിഞ്ഞം തുറമുഖത്തിന് കഴിയും. തുറമുഖാധിഷ്ഠിത വ്യവസായ ഇടനാഴി Maritime Cluster, Green Hydrogen Hub, sea food park, logistics and fish landing centre തുടങ്ങിയ നിരവധി വികസന ലക്ഷ്യങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഇവയെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നാം പ്രതിജ്ഞാബദ്ധമാണ്. വിഴിഞ്ഞം കോൺക്ലേവിന്റെ ഭാഗമായി പങ്കെടുത്ത പ്രമുഖ കമ്പനികൾ പ്രഖ്യാപിച്ച 6,250/-

കോടി രൂപയുടെ നിക്ഷേപം പദ്ധതി പൂർത്തിയാകുന്നതോടെ ഏഷ്യയിലെ തന്നെ ഏറ്റവും വലിയ തുറുമുഖമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ മാറ്റാൻ നമുക്ക് സാധ്യമാകും. വിഴിഞ്ഞം തുറമുഖത്തോടൊപ്പം ബേപ്പൂർ, കൊല്ലം, അഴീക്കോട് ഉൾപ്പെടെയുള്ള അനുബന്ധ തുറമുഖങ്ങളുടെ വികസനവും നവീകരണവും കേരളത്തിന്റെ സാമ്പത്തിക വികസനത്തോടൊപ്പം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും തൊഴിൽ ലഭ്യത വർധിപ്പിക്കുന്നതിനും വലിയ അവസരങ്ങൾ സൃഷ്ടിക്കും. Kerala's Gateway to Global Maritime Trade and Economic Growth എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുന്നതിന് നമുക്ക് പ്രചോദനമാകുമെന്നത് ഏറെ ശ്രദ്ധേയമാണ്. വിദേശ മലയാളികൾ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന യാത്രാകപ്പൽ എത്രയും പെട്ടെന്ന് യാഥാർഥ്യമാകേണ്ടതുണ്ട്, അതിൽ പ്രത്യേക ശ്രദ്ധയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുസംബന്ധമായ പ്രവർത്തനങ്ങൾ എവിടെവരെ എത്തിയെന്ന് വിശദമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രതിവർഷം ഒരു മില്യൺ

ടി.ഇ.യു. സ്ഥാപിതശേഷിയുള്ള ഒന്നാംഘട്ടം 2024 ഡിസംബർ 3-ന് പ്രവർത്തനക്ഷമമായിട്ടുണ്ട്. ആർബിട്രേഷൻ നടപടികൾ ഒത്തുതീർപ്പായതിന്റെ വ്യവസ്ഥപ്രകാരം എ.വി.പി.പി.എൽ. (അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്) 2028 ഡിസംബറിനുമുമ്പുതന്നെ തുറമുഖത്തിന്റെ തുടർഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുടർഘട്ടങ്ങൾ പൂർത്തിയാകുമ്പോൾ ആകെ 2000 മീറ്റർ നീളത്തിൽ ബർത്തും പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ പുലിമുട്ടിന്റെ നീളവും റിക്ലമേഷൻ പ്രവൃത്തികളും ആവശ്യമായ യന്ത്രോപകരണങ്ങൾ സ്ഥാപിക്കലും പൂർത്തീകരിക്കും. മേൽപ്പടി ഘടകങ്ങൾ പൂർത്തീകരിക്കുന്നതോടുകൂടി തുറമുഖത്തിന്റെശേഷി പ്രതിവർഷം 3 മില്യൺ ടി.ഇ.യു. ആയി ഉയരുന്നതാണ്. തുടർഘട്ടങ്ങൾക്കുള്ള പാരിസ്ഥിതിക ആഘാത പഠനങ്ങൾ നടത്തി കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് മുമ്പാകെ പബ്ലിക് ഹിയറിങ് 2024 ജൂൺ 19-ന് നടത്തിക്കഴിഞ്ഞിട്ടുണ്ട്. പബ്ലിക് ഹിയറിങ്ങിന് ഉന്നയിച്ച ആവശ്യങ്ങളും പരാതികളുംകൂടി പരിഗണിച്ച് തയ്യാറാക്കിയ കരട് റിപ്പോർട്ട് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ചിരുന്നു. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ്

അതോറിറ്റിയുടെ ശിപാർശയോടെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 10-3-2025-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും പാരിസ്ഥിതിക അനുമതി ലഭിക്കുകയുണ്ടായിയെന്ന സന്തോഷ വാർത്ത സഭയെ അറിയിക്കുകയാണ്. തുടർഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണശേഷി കൈവരിക്കുന്നതോടുകൂടി കേരളത്തിൽ വലിയതോതിലുള്ള വാണിജ്യ വ്യാവസായിക വളർച്ചയ്ക്ക് സാധ്യതയുണ്ട്. ഇതിനായി ക്രിയാത്മകമായ പല പദ്ധതികൾക്കും സർക്കാർ രൂപം നൽകിവരുന്നു. തിരുവനന്തപുരം ജില്ലയിൽ ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിങ് റോഡ്, വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാ ത്രികോണം മുതലായവ യുദ്ധകാലാടിസ്ഥാനത്തിൽ യാഥാർഥ്യമാക്കി തുറമുഖ നിർമ്മാണംമൂലമുള്ള നേട്ടങ്ങൾ പരമാവധി ഈ മേഖലയിൽ പ്രയോജനപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രാഥമിക അനുമതികളും ലഭിച്ചിട്ടുണ്ട്. ഔട്ടർ റിങ് റോഡ് പദ്ധതി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്ന് വിഴിഞ്ഞം മുതൽ

നാവായിക്കുളം വരെ നടപ്പാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ റോഡുകളിൽ 2.5 കിലോമീറ്റർ പ്രദേശം വിവിധങ്ങളായ വ്യവസായവും വാണിജ്യശാലകളും സ്ഥാപിക്കുന്നതോടുകൂടി തിരുവനന്തപുരത്തിന്റെ മുഖച്ഛായതന്നെ മാറുന്ന ബൃഹത് പദ്ധതിയായി രൂപംകൊള്ളും. ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നമുറയ്ക്ക് എറണാകുളം മുതൽ തെക്കോട്ടുള്ള ഇതരജില്ലകളിലും നിരവധി ലോജിസ്റ്റിക് പാർക്കുകളും വ്യവസായശാലകളും വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മേഖലകളിലേക്ക് മൂലധനം ആകർഷിക്കുന്നതിലേക്കായി ജനുവരി 29, 30 തീയതികളിൽ വിഴിഞ്ഞം കോൺക്ലേവ്, ഫെബ്രുവരി 21, 22 തീയതികളിൽ ഇൻവെസ്റ്റ്മെന്റ് കേരള സമ്മിറ്റ് എന്നിവ നടത്തുകയുണ്ടായി. ഇതിലൂടെ തെക്കൻ കേരളമുൾപ്പെടെ എല്ലാ ജില്ലകളിലും തുറമുഖാധിഷ്ഠിത വ്യവസായങ്ങളുടെയും ലോജിസ്റ്റിക് സേവന ദാതാക്കളുടെയും ഒരു ശൃംഖലതന്നെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ രൂപം കൊള്ളുന്നതാണ്. റിന്യൂവബിൾ എനർജി പാർക്ക്, ഗ്രീൻ ഹൈഡ്രജൻ ഹബ്ബ്, സീ ഫുഡ് പാർക്ക്, അഗ്രിക്കൾച്ചറൽ പാർക്ക്, ലോജിസ്റ്റിക് ആൻഡ് വെയർഹൗസിങ്, തുറമുഖാധിഷ്ഠിത വ്യവസായങ്ങളുടെ ഇടനാഴിക, ക്ലസ്റ്റർ

മുതലായവ പ്രധാനമായും മേൽസൂചിപ്പിച്ച മേഖലകളിലെ സാധ്യതകൾക്ക് താൽപര്യം പ്രകടിപ്പിച്ചുകൊണ്ടാണ് നിക്ഷേപകർ മുന്നോട്ടുവന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടൊപ്പം കേരളത്തിലെ ഇതര തുറമുഖങ്ങളുടെയും വളർച്ച ത്വരിതപ്പെടുന്നതിന് ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ഇതര തുറമുഖങ്ങളിൽനിന്നും വിഴിഞ്ഞത്തേക്ക് ചരക്കുനീക്കം നടത്തുന്ന നടപടികളും ആരംഭിക്കുന്നതാണ്. വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടുകൂടി കേരള തീരത്തുകൂടി കടൽവഴിയുള്ള ചരക്കുഗതാഗതവും കൂടുതൽ ഊർജ്ജിതമാക്കുമെന്ന് കണക്കാക്കുന്നു. നോൺ മേജർ തുറമുഖങ്ങളായ വിഴിഞ്ഞം, കോവളം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ചരക്കുയാത്രാ കപ്പലുകൾ അടുപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നിലവിലുണ്ട്. വിദേശകപ്പലുകൾ അടക്കം തുറമുഖത്ത് വന്നുപോകുന്നതിന് ആവശ്യമായ സെക്യൂരിറ്റി സർട്ടിഫിക്കറ്റായ ഐ.എസ്.പി.എസ്. വിഴിഞ്ഞം, കോവളം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ ഇതിനോടകം നേടിയെടുത്തുകഴിഞ്ഞു. തുറമുഖത്ത് കസ്റ്റംസ് ക്ലിയറൻസ് ഉറപ്പാക്കുന്നതിനുള്ള ഐ.എസ്.പി.എസ്. സർട്ടിഫിക്കേഷനും

അഴീക്കൽ ഒഴികെയുള്ള തുറമുഖങ്ങൾ നേടിയെടുത്തുകഴിഞ്ഞു. അഴീക്കൽ തുറമുഖത്തിനും ഐ.എസ്.പി.എസ്. സ്റ്റാറ്റസ് നേടിയെടുക്കാൻ ഊർജ്ജിതശ്രമങ്ങൾ നടത്തിവരുന്നു. ചരക്കുഗതാഗതം ഉറപ്പാക്കുന്നതിന് ഈ മേഖലയിലെ വാണിജ്യ സംഘടനകൾ, വെസൽ ഓപ്പറേറ്റേഴ്സ്, മറ്റ് ബന്ധപ്പെട്ടവർ തമ്മിൽ ചർച്ച നടത്തുന്നതിന് ബോർഡ് മുൻകൈയെടുത്തിട്ടുണ്ട്. കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള നാല് ഓപ്പറേഷനുകൾ നോൺ മേജർ തുറമുഖങ്ങളിലും ചരക്ക് യാത്രാ ഗതാഗതത്തിന് ആവശ്യമായ കപ്പൽ ചാനലിലെ ആഴം, തുറമുഖ വാർഫ്, ക്രെയിനുകൾ, മറ്റ് യന്ത്രസാമഗ്രികൾ, വെയർഹൗസുകൾ എന്നീ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കഴിഞ്ഞിട്ടുണ്ട്. കപ്പൽചാനലിന്റെ ആഴം കൂട്ടിയും അധികമായി വാർഫുകൾ നിർമ്മിച്ചും കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിക്കുകയാണ്. ബേപ്പൂർ തുറമുഖത്തിന്റെ ആഴം കൂട്ടാൻ- അഡീഷണൽ വാർഫ് നിർമ്മാണം, കൊല്ലം തുറമുഖത്തിന്റെ ആഴം കൂട്ടൽ-അഡീഷണൽ വാർഫ് നിർമ്മാണം, പൊന്നാനി തുറമുഖത്ത് പുതിയ വാർഫ് നിർമ്മാണം എന്നീ പ്രവൃത്തികൾ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസഹായത്തോടുകൂടി നടപ്പാക്കുന്നതിന്

പാരിസ്ഥിതിക ആഘാത പഠനം നടത്താൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പാരിസ്ഥിതിക ആഘാത അനുമതി ലഭിക്കുന്നമുറയ്ക്ക് കേന്ദ്ര സർക്കാരിലേക്ക് പദ്ധതി സമർപ്പിച്ച് അൻപതുശതമാനം സാമ്പത്തിക സഹായം നേടി പദ്ധതി നടപ്പാക്കുന്നതാണ്. മാരിടൈം മേഖല സ്വകാര്യ നിക്ഷേപത്തോടെ കൂടുതൽ വികസിപ്പിക്കാനുതകുന്ന മേഖലയാണെന്ന് സർക്കാർ വിലയിരുത്തുന്നു. അത് കണക്കിലെടുത്ത് സ്വകാര്യ നിക്ഷേപം ആകർഷിച്ച് ബോർഡിന്റെ കീഴിലുള്ള നാല് നോൺ മേജർ തുറമുഖങ്ങളും പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കിവരുന്നു. അതോടൊപ്പം പൊന്നാനിയിൽ ഒരു തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ പുതിയതായി വികസിപ്പിച്ചെടുക്കാനും കേരള മാരിടൈം ബോർഡ് സാധ്യത തേടുന്നുണ്ട്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കേന്ദ്ര ഗവൺമെന്റിൽനിന്നും അടുത്തഘട്ട നിർമ്മാണത്തിനായി പാരിസ്ഥിതിക അനുമതി ലഭിച്ചതായി പത്രവാർത്ത കണ്ടു. അതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ തുറമുഖ നിർമ്മാണത്തിനും തയ്യാറാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നിശ്ചയമായും. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ഇന്നലെയാണ് നിർമ്മാണത്തിനായി അനുമതി ഉത്തരവ് ലഭിച്ചത്. അതിന് അനുബന്ധമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്.

(2) <u>ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവ് മേഖലയിലെ പട്ടയ വിതരണം</u>

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, കാർഡമം ഹിൽ റിസർവ് (സി.എച്ച്.ആർ.) മേഖലകളിൽ പട്ടയം കൊടുക്കുന്നതിന് ബഹു. സുപ്രീംകോടതി ഒരു ഇടക്കാല ഉത്തരവ് ഒക്ടോബർ 24-ന് പുറപ്പെടുവിച്ചിരിക്കുകയാണ്. ഇതിൽ " ....directed that the State of Kerala shall not allot any fresh pattas.' ' സി.എച്ച്.ആർ. റവന്യൂ ഭൂമിയാണോ; വനഭൂമിയാണോ; ഇതുസംബന്ധിച്ച് കേരള സർക്കാർ പലപ്പോഴായി നൽകിയ സത്യവാങ്മൂലങ്ങളിൽ പൊരുത്തക്കേടുകളാണ് ഈ തിരിച്ചടിക്ക് കാരണമായിട്ടുള്ളത്. ഇനിയെങ്കിലും ഇത് വ്യക്തമാക്കണം. പട്ടയ നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്തത് വെക്കേറ്റ് ചെയ്യാനുള്ള നടപടികളെന്തായി?

ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം. അതുകൊണ്ട് അവിടത്തെ പട്ടയ നടപടികൾ മുഴുവൻ നിലച്ചിരിക്കുകയാണ്. സി.എച്ച്.ആർ.-നെ സംബന്ധിച്ച് 1951 ഏപ്രിൽ 25-ന് 81400 ഹെക്ടർ ഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുത്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതൊന്നും കാണാതെ ഇപ്പോഴും വനം വകുപ്പ് ഇത് വനഭൂമിയാണെന്ന് ഇടയ്ക്കിടയ്ക്ക് പ്രസ്താവനകൾ നടത്തുന്നതനുസരിച്ച് സ്റ്റേറ്റ്മെന്റുകൾ കൊടുത്തുകൊണ്ടേയിരിക്കും. ഈ പൊരുത്തക്കേടുകൾകൊണ്ടാണ് സുപ്രീംകോടതി സ്റ്റേ ചെയ്യാൻ കാരണമായത്. അതുകൊണ്ട് അടിയന്തരമായി സ്റ്റേ വെക്കേറ്റ് ചെയ്ത് പട്ടയ നടപടികൾ പുനരാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് സൂചിപ്പിച്ചത്. റവന്യൂ വകുപ്പിന്റെ അഭിപ്രായവുമായി കൂടിച്ചേർന്ന ഒരു കാര്യമാണ് അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയും ചെയ്തത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 24-10-2024-ലെ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ സി.എച്ച്.ആർ. മേഖലയിൽ

പട്ടയം വിതരണം ചെയ്യുന്നതിന് ചില നിയമപരമായ തടസ്സങ്ങൾ വന്നിരിക്കുന്നു. രാജ്യത്ത് വനഭൂമികളുടെ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ഗോതവർമ്മൻ തിരുമുല്പാട് കേന്ദ്ര-സംസ്ഥാന സർക്കാരുകളെ എതിർകക്ഷിയാക്കിക്കൊണ്ട് സുപ്രീംകോടതി മുമ്പാകെ റിട്ട് ഹർജി നം.202/1995 ഫയൽ ചെയ്തതിനെ തുടർന്ന് 'വൺ എർത്ത് വൺ ലൈഫ് ' എന്ന സംഘടന സംസ്ഥാനത്ത് ഏലമലക്കാടുകൾ വ്യാപകമായി നശിക്കപ്പെടുന്നുവെന്ന് ആരോപിച്ചുകൊണ്ട് മേൽപ്പറഞ്ഞ കേസിൽ ഐ.എ. 305/2022 എന്ന ഇടക്കാല ഹർജി ഫയൽ ചെയ്യുകയുണ്ടായി. തുടർന്ന് കോടതിയുടെ നിർദേശപ്രകാരം ഏലമലക്കാടുകളുടെ വിസ്തൃതിയും നിയന്ത്രണവും ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് 2007-ൽ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തത്. ഉടുമ്പഞ്ചോല, ദേവികുളം, പീരുമേട് എന്നീ താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന ഏലമലക്കാടുകളിൽ വളരെ ചെറിയൊരു വിസ്തൃതി മാത്രമാണ് റിസർവ് വനഭൂമിയെന്ന നിലപാടാണ് സർക്കാർ സുപ്രീംകോടതിയിൽ സ്വീകരിച്ചത്. അങ്ങ് സൂചിപ്പിച്ചതുപോലെ

ഏലമലക്കാടുകളുടെ അവകാശം റവന്യൂ വകുപ്പിനാണെന്നും എന്നാൽ ഈ പ്രദേശത്തെ വൃക്ഷങ്ങളുടെ നിയന്ത്രണം മാത്രമാണ് വനം-റവന്യൂ വകുപ്പുകൾക്ക് കൂട്ടായിയുള്ളത് എന്നുമാണ് സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചത്. 17-02-2023-ൽ ഏലമലക്കാടുകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങളുൾപ്പെടുത്തി ഒരു സത്യവാങ്മൂലം ഫയൽ ചെയ്യാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിരുന്നു. ഇതിനെത്തുടർന്ന് സർക്കാരിനുവേണ്ടി 23-10-2024-ൽ ചീഫ് സെക്രട്ടറി അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് 24-10-2024-ന് പരിഗണിച്ച സുപ്രീംകോടതി ചുവടെ ചേർക്കുംപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ‘ Until further orders, we direct that the State of Kerala shall not allot any fresh patta for cardamom cultivation nor shall it permit further land from the area notified as CHR to be converted for commercial exploitation.’ ഇടുക്കി ജില്ലയിൽ സി.എച്ച്.ആർ. മേഖലയിലെ 1993-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരമാണ് പട്ടയം അനുവദിച്ചുവരുന്നത്. ലാൻഡ് രജിസ്റ്റർ അടിസ്ഥാനപ്പെടുത്തി ചട്ടം 2(എഫ്) പ്രകാരം നിർവചിച്ചിട്ടുള്ള ഭൂമിക്കാണ് പട്ടയം അനുവദിക്കുന്നത്. 1980-ലെ

വനനിയമത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം വിതരണം ചെയ്യുന്നതിന് അനുമതി ലഭിച്ച 20363.15 ഹെക്ടർ ഭൂമിയിൽ സി.എച്ച്.ആർ. മേഖലയിലെ പട്ടയങ്ങളും ഉൾപ്പെടും. ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ പട്ടയം അനുവദിക്കരുതെന്നാണ് സുപ്രീംകോടതി ഉത്തരവായിട്ടുള്ളത്. അങ്ങ് സൂചിപ്പിച്ചതുപോലെ ഈ പ്രശ്നമുണ്ടായപ്പോൾ ഞാൻ നേരത്തെ സൂചിപ്പിച്ച നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ഈ കേസിൽ 24-10-2024-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിനെത്തുടർന്ന് ഇക്കാര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടിയുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ആരാഞ്ഞിട്ടുണ്ട്. ആ നിയമോപദേശം ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭിക്കാൻവേണ്ടി രണ്ടാമത് ഒരു തവണകൂടി സർക്കാർ ഇടപെട്ട് ഒരു ചർച്ച നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സർക്കാരിന്റെ നിലപാടനുസരിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഒക്ടോബർ 24-ാം തീയതി സ്റ്റേ ഉത്തരവുണ്ടായിട്ടും എന്തുകൊണ്ടാണ് ഇതുവരെ വ്യക്തമായൊരു നിലപാട്...., അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശവും ലഭിക്കാൻ ഇത്രയും സമയമെടുക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം എന്റെ ശ്രദ്ധയിലുള്ളതാണ്. 2007-ൽ സംസ്ഥാന സർക്കാർ ഒരു കണക്ക് കൊടുത്തിട്ടുണ്ട്. അതിനുശേഷം 17-02-2023-ൽ ഏലമലക്കാടുകളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങളുൾപ്പെടുത്തി ഒരു സത്യവാങ്മൂലം ഫയൽ ചെയ്യാൻ സുപ്രീംകോടതി ആവശ്യപ്പെട്ടപ്പോഴും അതേ നിലപാടിൽതന്നെയാണ് നിന്നത്. ഏരിയയും മറ്റും പരിശോധിക്കാൻ വേണ്ടിയുള്ള സമയമായിരിക്കും. അങ്ങയോടുള്ള പ്രത്യേക ബഹുമാനംകൂടി നിലനിർത്തിക്കൊണ്ട്, ഇടുക്കിയിലെ ആളുകളെ സംബന്ധിച്ച് ഇത് വളരെ ജനകീയമായ പ്രശ്നമാണ്. അതുമാത്രമല്ല ബഹുമാനപ്പെട്ട അംഗത്തിന് അറിയുന്നതുപോലെ, 1964-ലെ ചട്ടമനുസരിച്ച് കൊടുക്കുന്ന പട്ടയങ്ങൾ നാലായിരത്തിലേറെ തയ്യാറായിട്ടും 7(1)-ൽ ഒരു തർക്കം ഉന്നയിച്ചുകൊണ്ട്..... കോടതി അതിൽ തൽക്കാലം ഒരു സ്റ്റേ

കിട്ടിയിട്ടുണ്ട്. അതും ഇക്കാര്യത്തിൽ ഒരു  പ്രശ്നമാണ്. രണ്ട് കാര്യങ്ങളും വളരെ വേഗത്തിൽ പരിഹരിക്കാനുള്ള  നടപടി സ്വീകരിക്കുന്നതാണ്.